

# 104 – ാമത് ശ്രീശാരദാപ്രതിഷ്ഠാവാർഷികം
# 54 – ാമത് ശ്രീനാരായണധർമ്മമീമാംസാ പരിഷത്ത്

**ശിവഗിരിമഠം, വർക്കല** – 695 141 ഫോ: 0470–2602807, 9447512314

www.gurudharmam.com, E-mail:sivagirimutt@gmail.com, guruvarsham150@gmail.com

21–03–2016

മഹാത്മൻ,

104–ാമത് ശ്രീശാരദാപ്രതിഷ്ഠാവാർഷികവും 54–ാമത് ശ്രീനാരായണധർമ്മമീമാംസാ പരിഷത്തും മേടമാസത്തിലെ ചിത്രാപൗർണ്ണമിയോടനുബന്ധിച്ച് 2016 ഏപ്രിൽ 21, 22, 23 (1191 മേടം 8,9,10 ) എന്നീ തീയതികളിൽ ശിവഗിരിമഠത്തിൽ വച്ചു നടത്തുന്ന വിവരം സ്നേഹപൂർവ്വം അറിയിക്കുന്നു. ശ്രീനാരായണഗുരുദേവകൃതികളെയും ഗുരുദേവന്റെ ജീവിതശാസ്ത്രത്തെയും ശാസ്ത്രാധിഷ്ഠിതമായ രീതിയിൽ ജനഹൃദയങ്ങളിൽ എത്തിച്ച് മനുഷ്യജീവിതം സാർത്ഥകമാക്കുക എന്നുള്ളതാണ് ശ്രീനാരായണധർമ്മമീമാംസാ പരിഷത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.ശ്രീനാരായണധർമ്മസംഘം ട്രസ്റ്റിന്റെയും ഗുരുധർമ്മപ്രചരണസഭയുടെയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന ഈ പരിഷത്തിൽ ആദ്യവസാനം പങ്കെടുത്ത് ശാരദാംബയുടെയും ഗുരുദേവന്റെയും അനുഗ്രഹം ഏറ്റുവാങ്ങി ജീവിതം ധന്യമാക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.

ഗുരുദേവനാമത്തിൽ,

**സ്വാമി പ്രകാശാനന്ദ**
*പ്രസിഡന്റ്*

**സ്വാമി ഋതംഭരാനന്ദ**
*ജനറൽ സെക്രട്ടറി*

**സ്വാമി പരാനന്ദ**
*ട്രഷറർ*

**സ്വാമി ഗുരുപ്രസാദ്**
*സെക്രട്ടറി,ഗുരുധർമ്മപ്രചരണസഭ*

**വി. ടി. ശശീന്ദ്രൻ**
*രജിസ്ട്രാർ (ഫോ. 9447512314)*

**21-04-2016 (1191 മേടം 8) വ്യാഴം**
**ഒന്നാം ദിവസം**

രാവിലെ 7.30 ന് : **പതാക ഉയർത്തൽ**

**ബ്രഹ്മശ്രീ പ്രകാശാനന്ദസ്വാമികൾ**
*(പ്രസിഡന്റ്, ശ്രീനാരായണധർമ്മസംഘം ട്രസ്റ്റ്)*

7.45-8.45 : പ്രതിനിധികളുടെ രജിസ്ട്രേഷൻ

9.00 ന് : പരിഷത്ത് വേദിയിൽ ഭദ്രദീപപ്രകാശനം

**ശ്രീമത് അമൃതാനന്ദസ്വാമികൾ**
*(മുൻ ട്രഷറർ, ധർമ്മസംഘം ട്രസ്റ്റ്)*

തുടർന്ന് **ഭജൻ**

അവതരണം : **ശിവഗിരി ഭജൻ സംഘം**

9.30 : **ഉദ്ഘാടന സമ്മേളനം**

ഗുരുസ്മരണ :

സ്വാഗതം : **ശ്രീ. വി.ടി. ശശീന്ദ്രൻ**
*(രജിസ്ട്രാർ, ഗുരുധർമ്മപ്രചരണസഭ)*

ഉദ്ഘാടനം : **ശ്രീ. എം**

അദ്ധ്യക്ഷൻ : **ബ്രഹ്മശ്രീ പ്രകാശാനന്ദസ്വാമികൾ**
*(പ്രസിഡന്റ്, ശ്രീനാരായണധർമ്മസംഘം ട്രസ്റ്റ്)*

അനുഗ്രഹപ്രഭാഷണങ്ങൾ:

**ശ്രീമത് ഋതംഭരാനന്ദസ്വാമികൾ**
*(ജനറൽ സെക്രട്ടറി, ധർമ്മസംഘം ട്രസ്റ്റ്)*

**ശ്രീമത് പരാനന്ദസ്വാമികൾ**
*(ട്രഷറർ, ധർമ്മസംഘം ട്രസ്റ്റ്)*

**ശ്രീമത് വിശാലാനന്ദസ്വാമികൾ**
*(മുൻ ട്രഷറർ, ധർമ്മസംഘം ട്രസ്റ്റ്)*



ആശംസകൾ : **ശ്രീമത് സൂക്ഷ്മാനന്ദസ്വാമികൾ**

**ശ്രീമത് സത്യാനന്ദതീർത്ഥർ സ്വാമികൾ**

**ശ്രീമത് ശങ്കരാനന്ദസ്വാമികൾ**

**ശ്രീ. മുടീത്ര ഭാസ്കരപ്പണിക്കർ**
*(ചെയർമാൻ, ഉപദേശകസമിതി, ജി.ഡി.പി.എസ്.)*

**ശ്രീ. അമയന്നൂർ ഗോപി**
*(വൈസ് പ്രസിഡന്റ്, ജി.ഡി.പി.എസ്. കേന്ദ്രസമിതി)*

**ശ്രീ. കെ. കെ. കൃഷ്ണാനന്ദബാബു**
*(കൺവീനർ, ഉപദേശകസമിതി, ജി.ഡി.പി.എസ്.)*

**ശ്രീ. എം.വി. മനോഹരൻ**
*(വൈസ് പ്രസിഡന്റ്, ജി.ഡി.പി.എസ്. കേന്ദ്രസമിതി)*

**ശ്രീ. കൊടപ്പുള്ളി പുരുഷോത്തമൻ**
*(ഉപദേശകസമിതി അംഗം, ജി.ഡി.പി.എസ്.)*

**ശ്രീ. കുറിച്ചി സദൻ**
*(ഉപദേശകസമിതി അംഗം, ജി.ഡി.പി.എസ്.)*

**ശ്രീ. ഇ. എം. സോമനാഥൻ**
*(പി. ആർ. ഒ., ജി.ഡി.പി.എസ്, കേന്ദ്രസമിതി)*

**ശ്രീമതി ലൈലാ പുരുഷോത്തമൻ**
*(പ്രസിഡന്റ്, മാതൃവേദി)*

കൃതജ്ഞത : **ശ്രീ. ധന്യാബാബു**
*(ചെയർമാൻ, ജി.ഡി.പി.എസ്, യുവജനവേദി)*

11.30 a.m.-1.00 p.m : **പഠനക്ലാസ് I**

സ്വാഗതം : **ശ്രീ. K.S.ജയിൻ** *(കോ- ഓർഡിനേറ്റർ, GDPS)*

ആചാര്യൻ : **ഡോ.ഡി. ബാബുപോൾ**

വിഷയം : **'ആത്മോപദേശശതകം ഒരാസ്വാദനം'**

നന്ദി : **ശ്രീ. സി. ടി. അജയകുമാർ**
*(കോ-ഓർഡിനേറ്റർ, ജി.ഡി.പി.എസ്.)*

1.00-2.00 p.m. : ഭക്ഷണം, വിശ്രമം

2.00– 3.30 p.m. : **പഠനക്ലാസ്സ് II**

സ്വാഗതം : **ശ്രീമതി സരോജിനി കൃഷ്ണൻ**
*(ഭജൻജി, മാതൃവേദി)*

ആചാര്യൻ : **ശ്രീമത് ഋതംഭരാനന്ദസ്വാമികൾ**
*(ജനറൽ സെക്രട്ടറി, ധർമ്മസംഘം ട്രസ്റ്റ്)*

വിഷയം : **'ഗുരുസ്തവം'**

നന്ദി : **ശ്രീ. പുത്തൂർ ശോഭനൻ**
*(എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, ജി.ഡി.പി. എസ്.)*

3.30 p.m.-5.00 p.m : **പഠനക്ലാസ് III**

സ്വാഗതം : **ശ്രീ. എസ്. ഡി. രവി**
*(കേന്ദ്രസമിതി അംഗം, ജി.ഡി.പി.എസ്.)*

ആചാര്യൻ : **ഡോ. കെ. ജയകുമാർ**
*(മെഡിക്കൽ ഓഫീസർ,*
*ഗവ. പ്രകൃതി ചികിത്സാകേന്ദ്രം, വർക്കല)*

വിഷയം : **'പ്രകൃതി ജീവനവും**
**ജീവിതശൈലി രോഗങ്ങളും '**

നന്ദി : **ശ്രീ. പുന്നാവൂർ അശോകൻ**
*(കേന്ദ്രസമിതി അംഗം, ജി.ഡി.പി.എസ്.)*

5.30– 6.00 p.m : സ്നാനാദി കാര്യങ്ങൾ

6.00– 7.00 p.m : മഹാസമാധി അങ്കണത്തിൽ ജപയജ്ഞം

7.30– 8.00 p.m : ഭക്ഷണം

8.00 p.m : **ഭക്തിഗാനസുധ**

അവതരണം : **ശ്രീ. രഘു പാത്താമുട്ടം**

---

**22-04-2016 (1191 മേടം 9) വെള്ളി**
**രണ്ടാം ദിവസം**

## (ശാരദാപ്രതിഷ്ഠയുടെ 104-ാം വാർഷികം)

രാവിലെ 4.00 : ഉണരുക

4.45 ന് : ഹവനം, പ്രാർത്ഥന, **മന്ത്രദീക്ഷാചടങ്ങ്**
**അഷ്ടോത്തര ജപയജ്ഞം, ഭജൻ**
(ശാരദാസന്നിധിയിൽ)



7.00–8.00 : **ധ്യാന പരിശീലനക്ലാസ്**

ആചാര്യൻ : **ശ്രീമത് സാന്ദ്രാനന്ദ സ്വാമികൾ**

8.00–9.00 : പ്രഭാതഭക്ഷണം

9.30–11.00 a.m : **പഠനക്ലാസ്സ് IV**

സ്വാഗതം : **ഡോ. കെ. ആർ. രമേശൻ**
*(ജി.ഡി.പി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ)*

ആചാര്യൻ : **ശ്രീമത് അനപേക്ഷാനന്ദസ്വാമികൾ**
*(സെക്രട്ടറി, കാളീകുളങ്ങരക്ഷേത്രം)*

വിഷയം : **'ദർശനമാല- ഭക്തിദർശനം'**

നന്ദി : **ശ്രീ. അശോകൻ ശാന്തി**
*(ജി.ഡി.പി.എസ്. ഉപദേശക സമിതി അംഗം)*

11.30 – 1.00 p.m. : **പഠനക്ലാസ്സ് V**

സ്വാഗതം : **ശ്രീ. സി.കെ. വിദ്യാധരൻ**
*(ചീഫ് കോ- ഓർഡിനേറ്റർ, ജി.ഡി.പി. എസ്.)*

ആചാര്യൻ : **പ്രൊഫ. ടോണിമാത്യു**

വിഷയം : **'ജാതിനിർണ്ണയം'**

നന്ദി : **ശ്രീ. സി. രാജേന്ദ്രൻ**
*(എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ, ജി.ഡി.പി. എസ്.)*

1.00–2.00 p.m. : ഭക്ഷണം, വിശ്രമം

2.00 – 3.30 p.m. : **പഠനക്ലാസ്സ് VI**

സ്വാഗതം : **ഡോ.സുശീല**
*(പ്രസിഡന്റ്, ജി.ഡി.പി.എസ്, തിരുവനന്തപുരം)*

ആചാര്യ : **ശ്രീമതി ബി. എസ്. വസന്തകുമാരി** *(ശ്രീകാര്യം)*

വിഷയം : **'കോലതീരേശസ്തവവും**
**കുളത്തൂർ ശിവപ്രതിഷ്ഠയും'**

നന്ദി : **ശ്രീമതി സുമതി നാരായണൻ**
*(വൈസ് പ്രസിഡന്റ്, മാതൃവേദി കേന്ദ്രസമിതി)*

3.30 – 5.00 p.m

# ബ്രഹ്മവിദ്യാർത്ഥി സമ്മേളനം

**വിഷയം: ആചാര്യസ്മൃതി**

സ്വാഗതം : **ബ്രഹ്മചാരി അനൂപ്**

അദ്ധ്യക്ഷൻ : **ശ്രീമത് ബോധിതീർത്ഥസ്വാമികൾ**
*(സെക്രട്ടറി, കുന്നുംപാറ മഠം & ക്ഷേത്രം)*

ഉദ്ഘാടനം : **ശ്രീമത് ബ്രഹ്മസ്വരൂപാനന്ദസ്വാമികൾ**

മുഖ്യപ്രഭാഷണം: **ശ്രീമത് ത്രിരത്നതീർത്ഥർസ്വാമികൾ**

പ്രഭാഷണങ്ങൾ : **ബ്രഹ്മചാരി അസംഗചൈതന്യ**
**ബ്രഹ്മചാരി സൗമേശ്വരചൈതന്യ**

കൃതജ്ഞത : **ബ്രഹ്മചാരി ബിനു**

5.00– 6.00 p.m : സ്നാനാദി കാര്യങ്ങൾ

6.00– 7.00 p.m : മഹാസമാധി അങ്കണത്തിൽ ജപയജ്ഞം

7.30 –8.00 p.m : ഭക്ഷണം

8.00– 10.00 p.m

# ഗുരുധർമ്മപ്രചരണസഭ വാർഷിക സമ്മേളനം

(പ്രവേശനം പ്രതിനിധികൾക്ക് മാത്രം)

സ്വാഗതം : **ശ്രീ. ടി.വി. രാജേന്ദ്രൻ** *(ജോ- രജിസ്ട്രാർ, GDPS)*

അദ്ധ്യക്ഷൻ : **ബ്രഹ്മശ്രീ പ്രകാശാനന്ദസ്വാമികൾ**

ഉദ്ഘാടനം : **ശ്രീമത് ഋതംഭരാനന്ദസ്വാമികൾ**

**സഭാ അംഗത്വസർട്ടിഫിക്കറ്റ് വിതരണ ഉദ്ഘാടനം**

വാർഷികറിപ്പോർട്ടും കണക്കും : **ശ്രീമത് ഗുരുപ്രസാദ് സ്വാമികൾ**
*(സെക്രട്ടറി, ഗുരുധർമ്മപ്രചരണസഭ)*

സംഘടനാ വിശദീകരണം : **ശ്രീ. വി. ടി. ശശീന്ദ്രൻ**
*(രജിസ്ട്രാർ, ജി.ഡി.പി.എസ്.)*



ചർച്ചയിൽ പങ്കെടുക്കുന്നവർ

**ശ്രീ. എ. ആർ. വിജയകുമാർ**
*(സെക്രട്ടറി, GDPS, തിരുവനന്തപുരം)*

**ശ്രീ. സുഭാഷ് കൈതക്കുന്നേൽ**
*(സെക്രട്ടറി, GDPS, കൊല്ലം)*

**ശ്രീ. സി.എസ്. വിശ്വംഭരൻ** *(സെക്രട്ടറി, GDPS, പത്തനംതിട്ട)*

**ശ്രീ. ഡി. ശിശുപാലൻ** *(സെക്രട്ടറി, GDPS, ആലപ്പുഴ)*

**ശ്രീ. ഷിബു മൂലേടം** *(സെക്രട്ടറി, GDPS, കോട്ടയം)*

**ശ്രീ. എസ്. ഷിബു** *(സെക്രട്ടറി, GDPS, ഇടുക്കി)*

**ശ്രീ. ഇ. എം. സോമനാഥൻ**
*(അഡ്മിനിസ്ട്രേറ്റർ GDPS, എറണാകുളം)*

**ശ്രീ. കെ.കെ. ചന്ദ്രശേഖരൻ** *(സെക്രട്ടറി, GDPS, തൃശ്ശൂർ)*

**ശ്രീ. വിജയമോഹൻ** *(സെക്രട്ടറി, GDPS, പാലക്കാട്)*

**ശ്രീ. പി. വി. രാമചന്ദ്രൻ** *(സെക്രട്ടറി, GDPS ,മലപ്പുറം )*

**ശ്രീ. പി. പി. രാമനാഥൻ** *(സെക്രട്ടറി, GDPS, കോഴിക്കോട്)*

**ശ്രീ. സി.കെ. ദിവാകരൻ** *(സെക്രട്ടറി, GDPS, വയനാട്)*

**ശ്രീ. എം. ബാലൻ** *(സെക്രട്ടറി, GDPS, കണ്ണൂർ)*

**ശ്രീ. എ. വിനോദ്** *(സെക്രട്ടറി, GDPS, കാസർകോഡ്)*

മറുപടി പ്രസംഗം : **ശ്രീമത് ഗുരുപ്രസാദ് സ്വാമികൾ**

കൃതജ്ഞത : **ശ്രീമതി വി. എൻ. കുഞ്ഞമ്മ ടീച്ചർ**
*( സെക്രട്ടറി, മാതൃവേദി)*

---

**23-04-2016 (1191 മേടം 10 ശനി)**
**മൂന്നാം ദിവസം**

രാവിലെ 4.00 : ഉണരുക

4.45 ന് : ഹവനം, പ്രാർത്ഥന

6.00– 7.00 a.m : ജപം, ധ്യാനം

7.00–8.00 a.m : **ധ്യാനപരിശീലനം**

ആചാര്യൻ : **ശ്രീമത് സാന്ദ്രാനന്ദസ്വാമികൾ**

8.00– 9.00 a.m : പ്രഭാതഭക്ഷണം

9.00–11.00 a.m. : **പഠനക്ലാസ് VII**

സ്വാഗതം : **ശ്രീമതി വസന്തകുമാരി**
*(ജോയിന്റ് സെക്രട്ടറി, മാതൃവേദി കേന്ദ്രസമിതി)*

ആചാര്യൻ : **പ്രൊഫ. വി. മധുസൂദനൻനായർ**
*(പ്രശസ്തകവി)*

വിഷയം : **'ഗുരുദേവകൃതികളിലെ കാവ്യസങ്കല്പം'**

നന്ദി : **ശ്രീ. എസ്. ശശാങ്കൻ**
*(ജി.ഡി.പി.എസ്. കേന്ദ്രസമിതി അംഗം)*

11.00–12.30 p.m. : **പഠനക്ലാസ് VIII**

സ്വാഗതം : **ശ്രീ. അശോകൻ വേങ്ങശ്ശേരി**
*(കോ- ഓർഡിനേറ്റർ, ജി.ഡി.പി.എസ്.)*

ആചാര്യൻ : **ഡോ. കെ. എസ്. രാധാകൃഷ്ണൻ**
*(കേരള പി. എസ്. സി. ചെയർമാൻ)*

വിഷയം : **'ശ്രീനാരായണഗുരുദേവന്റെ തത്വദർശനം അദ്വൈതദീപികയുടെ പശ്ചാത്തലത്തിൽ'**

നന്ദി : **ശ്രീമതി സോഫി വാസുദേവൻ**
*(വൈസ് പ്രസിഡന്റ്, മാതൃവേദി)*

12.30 ന് : **പരിഷത്ത് അവലോകനം**
**ശ്രീമത് ഗുരുപ്രസാദ് സ്വാമികൾ**

# അറിയിപ്പുകൾ

1. പരിഷത്തിൽ പങ്കെടുക്കുന്നവർ 50 രൂപാ വീതം രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതാണ്. തുക മുൻകൂർ ആയി നേരിട്ടോ സെക്രട്ടറി, ഗുരുധർമ്മപ്രചരണസഭ, ശിവഗിരിമഠം, വർക്കല 695 141 എന്ന പേരിൽ മണി ഓർഡറായോ അയക്കാവുന്നതാണ്.
2. ഓരോ ജില്ലയിൽ നിന്നും പങ്കെടുക്കുന്ന പരിഷത്ത് പ്രതിനിധികളുടെ എണ്ണം ജില്ലാ സെക്രട്ടറിമാർ **2016 ഏപ്രിൽ 10** നകം കിട്ടത്തക്കവിധം ഓഫീസിൽ അയച്ചുതരേണ്ടതാണ്.
3. ഗുരുധർമ്മപ്രചരണസഭ വാർഷികപൊതുയോഗത്തിൽ യൂണിറ്റുകളെ പ്രതിനിധീകരിച്ച് ഒരംഗത്തിനും, താലൂക്ക് - ജില്ലാക്കമ്മിറ്റികളെ പ്രതിനിധീകരിച്ച് ഔദ്യോഗികഭാരവാഹികൾക്കും മാത്രം പങ്കെടുക്കാൻ അവകാശം ഉള്ളതാണ്. പ്രതിനിധികൾ സ്വന്തം ഘടകത്തിന്റെ അധികാരപത്രം കൊണ്ടുവരേണ്ടതുമാണ്.
4. ഗുരുധർമ്മ പ്രചരണസഭയുടെ നിലവിലുള്ള യൂണിറ്റുകളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനും പുതിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിനും സഭയുടെ കേന്ദ്രസമിതി ഓഫീസിൽ വേണ്ട ക്രമീകരണം ഉണ്ടായിരിക്കും. റിന്യൂവൽ ഫീസ് വർഷം തോറും 100 രൂപാ വീതവും പുതിയ യൂണിറ്റിന്റെ രജിസ്ട്രേഷൻ ഫീസ് മിനിമം 420 രൂപയുമാണ്.
5. ശിവഗിരിമഠം പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിനും ശിവഗിരി മാസിക (മലയാളം), ശിവഗിരി ത്രൈമാസിക (ഇംഗ്ലീഷ്) പതിപ്പുകളുടെ വരിസംഖ്യ അടയ്ക്കുന്നതിനും സൗകര്യം ഉണ്ടായിരിക്കും. മാസിക: വാർഷിക വരി 200 രൂപ., ആയുഷ്കാലം 2000 രൂപ. ഇംഗ്ലീഷ്: വാർഷികവരി 150 രൂപ., ആയുഷ്കാലം 1500 രൂപ.
6. പരിഷത്തിൽ പങ്കെടുക്കുന്നവർ സംഘാടകരുടെ അനുമതിയോടുകൂടിയേ ശിവഗിരി മഠം കോമ്പൗണ്ടിന് പുറത്തു പോകാവൂ.
7. പ്രതിനിധികൾ ആശ്രമോചിതമായ ജീവിതരീതി പാലിക്കേണ്ടതാണ്.
8. ഗുരുധർമ്മപ്രചരണസഭ ജില്ലാസെക്രട്ടറിമാർ 2014– 15 വർഷത്തെ പ്രവർത്തനറിപ്പോർട്ടും കണക്കും ഏപ്രിൽ 5 നകം ഓഫീസിൽ എത്തിക്കണം.
9. ഗുരുധർമ്മപ്രചരണസഭ വാർഷിക പൊതുയോഗപ്രതിനിധികൾക്ക് ഈ നോട്ടീസിലെ അറിയിപ്പിന് പുറമെ പ്രത്യേകം കത്തുകൾ അയക്കുന്നതല്ല.
10. സഭയുടെയും മാതൃവേദിയുടെയും യുവജനസഭയുടെയും എല്ലാ ഘടകങ്ങളിലുമുള്ള ഭാരവാഹികൾ നിർബന്ധമായും പരിഷത്തിൽ മൂന്നു ദിവസവും പങ്കെടുക്കേണ്ടതാണ്.
11. മന്ത്രദീക്ഷ സ്വീകരിക്കുവാൻ താല്പര്യമുള്ളവർ സഭാ ഓഫീസുമായി ബന്ധപ്പെടണം.

## പഠനക്ലാസ്സിന് ആധാരമായ കൃതികൾ

### ജാതിനിർണ്ണയം

മനുഷ്യാണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം യഥാ
ന ബ്രാഹ്മണാദിരസ്യൈവം
ഹാ! തത്ത്വം വേത്തി കോƒപി ന.

1 ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
ഒരു യോനിയൊരാകാരമൊരു ഭേദവുമില്ലതിൽ.

2 ഒരു ജാതിയിൽ നിന്നല്ലോ പിറന്നീടുന്നു സന്തതി
നരജാതിയിതോർക്കുമ്പോളൊരു ജാതിയിലുള്ളതാം.

3 നരജാതിയിൽ നിന്നത്രേ പിറന്നീടുന്നു വിപ്രനും
പറയൻ താനുമെന്തുള്ളതന്തരം നരജാതിയിൽ?

4 പറച്ചിയിൽ നിന്നു പണ്ടു പരാശരമഹാമുനി
പിറന്നു മറ സൂത്രിച്ച മുനി കൈവർത്തകന്യയിൽ.

5 ഇല്ല ജാതിയിലൊന്നുണ്ടോ വല്ലതും ഭേദമോർക്കുകിൽ
ചൊല്ലേറും വ്യക്തിഭാഗത്തിലല്ലേ ഭേദമിരുന്നിടൂ?

### അദ്വൈതദീപിക

1 പേരായിരം പ്രതിഭയായിരമിങ്ങവറ്റി-
ലാരാലെഴുംവിഷയമായിരമാം പ്രപഞ്ചം,
ഓരായ്കിൽ നേരിതു കിനാവുണരുംവരെയ്ക്കും
നേരാമുണർന്നളവുണർന്നവനാമശേഷം.

2 നേരല്ല ദൃശ്യമിതു ദൃക്കിനെ നീക്കിനോക്കിൽ
വേറല്ല വിശ്വമറിവാംമരുവിൽ പ്രവാഹം;
കാര്യത്തിൽ നില്പതിഹ കാരണസത്തയെന്ന്യേ
വേറല്ല വീചിയിലിരിപ്പതു വാരിയത്രേ.

3 വാസസ്സു തന്തുവിതു പഞ്ഞിയിതാദിമൂല-
ഭൂതപ്രഘാതമിതുമോർക്കുകിലിപ്രകാരം



ബോധത്തിൽനിന്നു വിലസുന്നു മരുസ്ഥലത്തു
പാഥസ്സുപോലെ; പരമാവധി ബോധമത്രേ.

4 വൃത്തിസ്ഥമാമറിവിൽ വിശ്വവുമില്ലിതിന്റെ
വിത്താമവിദ്യയതുമില്ല വിളക്കുവന്നാൽ
അദ്ദിക്കിലെങ്ങുമിരുളില്ലുടനങ്ങു വർത്തി-
വിട്ടാൽ വിളക്കു പൊലിയുന്നിരുളും വരുന്നു.

5 ആരായ്കിലീയുലകമില്ലിതവിദ്യ തത്ത്വ-
മോരാതവർക്കിതുലകായ് വിലസും ഭ്രമത്താൽ
ആരാൽ വിളക്കെരികിലില്ല പിശാചിതന്ധ-
കാരം ഭയന്നവനിരുട്ടു പിശാചുപോലാം.

6 ഉണ്ടില്ലയെന്നു മുറമാറിയസത്തുസത്തു
രണ്ടും പ്രതീതമിതനാദിതമഃസ്വഭാവം
രണ്ടും തിരഞ്ഞിടുകിലില്ലയസത്തു രജ്ജു-
ഖണ്ഡത്തിലില്ലുരഗമുള്ളതു രജ്ജുമാത്രം.

7 അസ്ത്യസ്തിയെന്നു സകലോപരി നില്പതൊന്നേ
സത്യം സമസ്തവുമനിത്യമസത്യമാകും,
മൃത്തിൻവികാരമതസത്യമിതിങ്കലൊക്കെ
വർത്തിപ്പതോർക്കിലൊരു മൃത്തിതു സത്യമത്രേ.

8 അജ്ഞാനവേളയിലുമസ്തി വിഭാതി രണ്ടു-
മജ്ഞാതമല്ല, സുഖവും വിലസുന്നു മൂന്നും;
രജ്ജുസ്വരൂപമഹിയോടുമിദന്തയാർന്നു
നിൽക്കുന്നതിന്നിഹ നിദർശനമാമിതോർത്താൽ.

9 വിശ്വം വിവേകദശയിങ്കലഴിഞ്ഞു സർവ-
മസ്വസ്ഥമാകിലുമതിന്ദ്രിയദൃശ്യമാകും
ദിക്കിൻഭ്രമം വിടുകിലും ചിരമിങ്ങിവന്റെ
ദൃക്കിന്നു ദിക്കു പുനരങ്ങനെതന്നെ കാണാം.

10 സത്യത്തിലില്ലയുലകം സകലം വിവേക-
വിധ്വസ്തമായ പിറകും വിലസുന്നു മുൻപോൽ
നിസ്തർക്കമായ് മരുവിലില്ലിഹ നീരമെന്നു
സിദ്ധിക്കിലും വിലസിടുന്നിതു മുൻപ്രകാരം.

11 ജ്ഞാനിക്കു സത്തുലകു ചിത്തു സുഖസ്വരൂപ-
മാനന്ദമല്ലനൃതമജ്ഞനിതപ്രകാശം
കാണുന്നവന്നു സുഖമസ്തിതയാർന്ന ഭാനു-
മാനർക്കനന്ധനിരുളാർന്നൊരു ശൂന്യവസ്തു.

12 വിത്തൊന്നുതാൻ വിവിധമായ് വിലസുന്നിതിങ്ക-
ലർത്ഥാന്തരം ചെറുതുമില്ല വിശേഷമായി
രജ്ജുസ്വരൂപമറിയാതിരുളാൽ വിവർത്ത-
സർപ്പം നിനയ്ക്കിലിതു രജ്ജുവിൽനിന്നു വേറോ?

13 ഓരോന്നതായവയവം മുഴുവൻ പിരിച്ചു
വേറാക്കിയാലുലകമില്ല വിചിത്രമത്രേ!
വേറാകുമീയവയവങ്ങളുമേവമങ്ങോ-
ട്ടാരായ്കിലില്ലഖിലവും നിജബോധമാത്രം.

14 നൂലാടതന്നിലുദകം നുരതന്നിലേവം
ഹാ! ലോകമാകെ മറയുന്നൊരവിദ്യയാലേ;
ആലോചനാവിഷയമായിതു തന്റെ കാര്യ-
ജാലത്തൊടും മറകിലുണ്ടറിവൊന്നുമാത്രം.

15 ആനന്ദമസ്തിയതു ഭാതിയതൊന്നുതന്നെ
താനന്യമോർക്കിലതു നാസ്തി ന ഭാതി സർവം;
കാനൽജലം ഗഗനനീലമസത്യമഭ്ര-
സൂനം, നിനയ്ക്കിൽ ഗഗനം പരമാർത്ഥമാകും.

16 ആത്മാവിലില്ലയൊരഹംകൃതി യോഗിപോലെ
താൻ മായയാൽ വിവിധമായ് വിഹരിച്ചിടുന്നു;
യോഗസ്ഥനായ് നിലയിൽനിന്നിളകാതെ കായ-
വ്യൂഹം ധരിച്ചു വിഹരിച്ചിടുമിങ്ങു യോഗി.

17 അജ്ഞാനസംശയവിപര്യയമാത്മതത്ത്വ-
ജിജ്ഞാസുവിന്നു ദൃഢബോധനിതില്ല തെല്ലും;
സർപ്പപ്രതീതി ഫണിയോ കയറോയിതെന്ന
തർക്കം ഭ്രമം കയറുകാൺകിലിതില്ല തെല്ലും.



18 മുന്നേ കടന്നു വിഷയംപ്രതി വൃത്തി മുന്നിൽ-
നിന്നീടുമാവരണമാം തിര നീക്കിടുന്നു;
പിന്നീടു കാണുമറിവും പ്രഭതന്റെ പിൻപോയ്
ക്കണ്ണെന്നപോലറിവു കാണുകയില്ല താനേ.

19 കാണുന്നു കണ്ണിഹ തുറക്കിലടയ്ക്കിലന്ധൻ-
താനുള്ളിൽമേവുമറിവിങ്ങു വരായ്കയാലേ;
ജ്ഞാനംപുറത്തുതനിയേ വരികില്ല കണ്ണു-
വേണം വരുന്നതിനു കണ്ണിനു കാന്തിപോലെ.

## കോലതീരേശസ്തവം

1 കാലാശ്രയമെന്നായണയുന്നോർക്കനുകൂലൻ
ഫാലാക്ഷനധർമ്മിഷ്ഠരിലേറ്റം പ്രതികൂലൻ
പാലിക്കണമെന്നെപ്പരിചോടിന്നു കുളത്തൂർ
കോലത്തുകരക്കോവിലിൽവാഴും പരമേശൻ.

2 ഈ ലോകമശേഷം ക്ഷണമാത്രേണ സൃജിച്ചാ-
രാലോകനമാത്രേണ ഭരിക്കുന്നനുവേലം
ഈ ലീലകളാടുന്നവനാണ്ടീടണമെന്നെ
കോലത്തുകരക്കോവിലിൽവാഴും പരമേശൻ.

3 സർവ്വാശ്രയമെങ്ങും നിറയുന്നോനപി ഭക്തർ-
ക്കിവ്വാറൊരുരൂപം ഭജനത്തിന്നുധരിപ്പോൻ
ആലസ്യമൊഴിച്ചപ്പരബോധം തരണം മേ
കോലത്തുകരക്കോവിലിൽവാഴും പരമേശൻ.

4 ഈ ലോചനമാദീന്ദ്രിയമേതെങ്കിലുമൊന്നി-
ങ്ങാലോചനകൂടാതപഥത്തിങ്കലണഞ്ഞാൽ
ആലാക്കിലുടൻ സന്മതിതോന്നിക്കുകെനിക്കെൻ-
കോലത്തുകരക്കോവിലിൽവാഴും പരമേശൻ.

5 കൈകാൽമുതലാമെന്നുടെയങ്ങങ്ങളിലൊന്നും
ചെയ്യാതൊരു സത്കർമ്മമൊഴിഞ്ഞങ്ങവിവേകാൽ
വയ്യാത്തതു ചെയ്യാൻ തുനിയാതാക്കുകവേണം
കോലത്തുകരക്കോവിലിൽവാഴും ഭഗവാനേ!

6 രോഗാദികളെല്ലാമൊഴിവാക്കീടുകവേണം
ഹേ! കാമദ, കാമാന്തക, കാരുണ്യപയോധേ!
ഏകീടണമേ സൗഖ്യമെനിക്കൻപൊടു ശംഭോ!
കോലത്തുകരക്കോവിലിൽവാഴും ഭഗവാനേ!

7 ദാരിദ്ര്യമഹാദുഃഖമണഞ്ഞീടരുതെന്നിൽ
ദൂരത്തകലേണം മദമെന്നും സുജനാനാം
ചാരത്തുവസിപ്പാനൊരു ഭാഗ്യം വരണം, ശ്രീ-
കോലത്തുകരക്കോവിലിൽവാഴും ഭഗവാനേ!

8 ചാപല്യവശാൽ ചെയ്തൊരു പാപങ്ങൾ പൊറുത്തെൻ-
താപങ്ങളൊഴിച്ചാളണമെന്നല്ലിനി നിത്യം
പാപാപഹമാം നിൻപദമോർക്കായ്‌വരണം മേ
കോലത്തുകരക്കോവിലിൽവാഴും ഭഗവാനേ!

9 ധാതാവിനുമാമാധവനും കൂടിയമേയം
വീതാവിധി നിൻ വൈഭവമാരാണുരചെയ്‌വാൻ?
ഏതാനുമിവന്നുള്ളഭിലാഷങ്ങൾ പറഞ്ഞേൻ
കോലത്തുകരക്കോവിലിൽവാഴും ഭഗവാനേ!

10 മാലുണ്ടതുരയ്പ്പാൻ കഴിവില്ലാശ്ശിശുവിന്റെ
പോലിങ്ങു നിരർത്ഥധ്വനിയാണെന്റെ പുലമ്പൽ
ആലംബനമാമെങ്കിലുമംബാസമമിന്നെൻ-
കോലത്തുകരക്കോവിലിൽവാഴും പരമേശൻ.

## ഗുരുസ്തവം

നാരായണമൂർത്തേ, ഗുരുനാരായണമൂർത്തേ,
നാരായണമൂർത്തേ, ഗുരുനാരായണമൂർത്തേ,

ആരായുകിലന്ധത്വമൊഴിച്ചാദിമഹസ്സിൻ
നേരാം വഴികാട്ടും ഗുരുവല്ലോ പരദൈവം
ആരാധ്യനതോർത്തീടുകിൽ ഞങ്ങൾക്കവിടുന്നാം
നാരായണമൂർത്തേ, ഗുരുനാരായണമൂർത്തേ.

(നാരായണ..................)



അൻപാർന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വൻപാകെ വെടിഞ്ഞുള്ളവരുണ്ടോയിതുപോലെ
മുൻപായി നിനച്ചൊക്കെയിലും ഞങ്ങൾ ഭജിപ്പൂ
നിൻ പാവന പാദം ഗുരുനാരായണമൂർത്തേ.

(നാരായണ..................)

അന്യർക്കു ഗുണം ചെയ്‌വതിനായുസ്സുവപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്‌വൂ,
സംന്യാസികളില്ലിങ്ങനെയില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീ ഗുരുമൂർത്തേ.

(നാരായണ..................)

വാദങ്ങൾ ചെവിക്കൊണ്ടു, മതപ്പോരുകൾ കണ്ടും
മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ
വേദാഗമ സാരങ്ങളറിഞ്ഞങ്ങൊരുവൻ താൻ
ഭേദാദികൾ കൈവിട്ടു ജയിപ്പൂ ഗുരുമൂർത്തേ.

(നാരായണ..................)

മോഹാകുലരാം ഞങ്ങളെയങ്ങേടെയടിപ്പൂ
സ്നേഹാത്മകമാം പാശമതിൽ കെട്ടിയിഴപ്പൂ,
ആഹാ! ബഹുലക്ഷം ജനമങ്ങേത്തിരുനാമ-
വ്യാഹാരബലത്താൽ വിജയിപ്പൂ ഗുരുമൂർത്തേ.

(നാരായണ..................)

അങ്ങേത്തിരുവുള്ളൂറിയൊരൻപിൻ വിനിയോഗം
ഞങ്ങൾക്കു ശുഭം ചേർത്തിടുമീ ഞങ്ങടെ യോഗം
എങ്ങും ജനചിത്തങ്ങളിണക്കി പ്രസരിപ്പൂ
മങ്ങാതെ ചിരം നിൻ പുകൾപോൽ ശ്രീഗുരുമൂർത്തേ.

(നാരായണ..................)

നാരായണമൂർത്തേ ഗുരുനാരായണമൂർത്തേ
നാരായണമൂർത്തേ, പരമാചാര്യ നമസ്തേ.

*രചന : മഹാകവി കുമാരനാശാൻ*

## ദർശനമാല- ഭക്തിദർശനം

1 ഭക്തിരാത്മാനുസന്ധാന-
മാത്മാff നന്ദഘനോ യതഃ
ആത്മാനമനുസന്ധത്തേ
സദൈവാത്മവിദാത്മനാ.

2 അനുസന്ധീയതേ ബ്രഹ്മ
ബ്രഹ്മാനന്ദഘനം യതഃ
സദാ ബ്രഹ്മാനുസന്ധാനം
ഭക്തിരിത്യവഗമ്യതേ.

3 ആനന്ദമേവ ധ്യായന്തി
സർവേ ദുഃഖം ന കശ്ചന
യദാനന്ദപരം ധ്യാനം
ഭക്തിരിത്യുപദിശ്യതേ.

4 ആത്മൈവ ബ്രഹ്മ ഭജതി
നാന്യമാത്മാനമാത്മവിത്
ഭജതീതി യദാത്മാനം
ഭക്തിരിത്യഭിധീയതേ.

5 ആനന്ദ ആത്മാ ബ്രഹ്മേതി
നാമൈതസ്യൈവ തന്യതേ
ഇതി നിശ്ചിതധീർ യസ്യ
സ ഭക്ത ഇതി വിശ്രുതഃ.

6 ആനന്ദോfഹമഹം ബ്രഹ്മാ-
ത്മാfഹമസ്മീതി രൂപതഃ
ഭാവനാ സതതം യസ്യ
സ ഭക്ത ഇതി വിശ്രുതഃ.

7 ഭാര്യാ ഭജതി ഭർത്താരം
ഭർത്താ ഭാര്യാം ന കേവലം
സ്വാനന്ദമേവ ഭജതി
സർവോfപി വിഷയസ്ഥിതം.

8 ഏവം പശ്യതി കുത്രാപി
വിദ്വാനാത്മസുഖം വിനാ
ന കിഞ്ചിദപരം തസ്യ
ഭക്തിരേവ ഗരീയസീ.

9 ലോകസ്യ പിതരി സ്വസ്യ
ഗുരൗ പിതരിമാതരി
സത്യസ്യ സ്ഥാപിതരി ച
തത്പഥേനൈവ യാതരി.

10 നിയന്തരി നിഷിദ്ധസ്യ
സർവേഷാം ഹിതകർത്തരി
യോfനുരാഗോ ഭക്തിരത്ര
സാ പരാ പരമാത്മനി.

*രചന: ശ്രീനാരായണഗുരുദേവൻ*